



**ഇന്ദ്രേഷ് കുമാർ:** ആർ.എസ്.എസ് ദേശീയ നിർവാഹക സമിതി അംഗം. മാലേഗാവ്,സംഝോത എക്സ്പ്രസ്, അജ്മീർ, മക്കാ മസ്ജിദ് സ്ഫോടനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ പങ്കുണ്ടെന്നും സ്ഫോടനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയെന്നും അറസ്റ്റിലായ പ്രതികളുടെ മൊഴി.



**സ്വാമി അസിമാനന്ദ:** ആർ.എസ്.എസ് ആഭിമുഖ്യത്തിലുള്ള വൻവാസി കല്യാൺ ആശ്രമിന്റെ ഗുജറാത്തി ഡാങ്സിലെ 'ശബരിധം' കേന്ദ്രത്തിന്റെ മേധാവി. ഭീകര പ്രവർത്തനങ്ങൾക്ക് നേതൃത്വം. മുസ്‌ലിം വിരുദ്ധ കലാപങ്ങളിൽ പങ്ക്.



**സുനിൽ ജോഷി:** മാവോ ജില്ലയിലെ ആർ.എസ്.എസിന്റെ മുൻ പ്രചാരക്. മധ്യപ്രദേശ്, ഗുജറാത്ത്, രാജസ്താൻ, ജമ്മു, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽ ഭീകരവാദ ശൃംഖലക്ക് നേതൃത്വം നൽകി.



**സന്ദീപ് ഡാംഗെ:** ഇൻഡോറിനടുത്ത ഷാജാപൂരിലെ മുതിർന്ന ആർ.എസ്.എസ് പ്രവർത്തകൻ. മുസ്‌ലിം ആരാധനാലയങ്ങളിലെ സ്ഫോടനങ്ങൾക്കു പിന്നിലെ സൂത്രധാരകരിലൊരാൾ.



**രാംചന്ദ്രകൽസംഗാര:** മധ്യപ്രദേശിലെ ആർ.എസ്.എസ് പ്രചാരക്. 2000–2008 കാലത്തെ നിരവധി ഭീകര പ്രവർത്തനങ്ങളിൽ പങ്കാളിത്തം.



**ശിവം ധക്കാദ്:** ആർ.എസ്.എസ് പ്രവർത്തകൻ. സുനിൽ ജോഷി, രാംജീ കത്സംഗാര എന്നിവരോടൊപ്പം പ്രവർത്തിച്ചു. 2005 ബോംബ് നിർമാണ പരിശീലന ക്യാമ്പിൽ പങ്കെടുത്തു.



**കേണൽ ശ്രീകാന്ത് പുരോഹിത്:** ഭീകര സംഘടനയായ അഭിനവ് ഭാരതിന്റെ സ്ഥാപകരിലൊരാൾ. നാസികിലെ മിലിറ്ററി ഇന്റലിജൻസിൽ ജോലി ചെയ്തിരുന്നു. മറ്റു സൈനിക ഓഫീസർമാരെ ഭീകര സംഘത്തിൽ ചേർക്കാൻ ശ്രമിച്ചു. 2008ലെ മാലേഗാവ് സ്ഫോടനത്തിന് ആർ.ഡി.എക്സ് എത്തിച്ചു കൊടുത്തു.



**ദേവേന്ദ്രഗുപ്ത:** ബീഹാറിലെ മുസാഫർ നഗറിലെ ആർ.എസ്.എസ് പ്രചാരക്. ജോഷി, കത്സംഗാര, ദാംഗെ തുടങ്ങിയവരെ ഭീകരപ്രവർത്തനങ്ങളിൽ സഹായിച്ചു.

# കാവി ഭീകരത

## ആർ.എസ്.എസ്സിന് ഇനി എന്തു പറയാനുണ്ട്?

സദ്റുദ്ദീൻ വാഴക്കാട്

**സംഝോത എക്സ്പ്രസ് 2007 ഫെബ്രുവരി 19**
**മക്കാ മസ്ജിദ് 2007 മെയ് 18**
**അജ്മീർ 2007 ഒക്ടോബർ 11**



**ലോകേഷ് ശർമ:** ആർ.എസ്.എസ് പ്രവർത്തകർ. ജോഷി, ശർമ തുടങ്ങിയവരുടെ അടുത്ത സുഹൃത്ത്. മക്കാ മസ്ജിദ്-അജ്മീർ സ്ഫോടനങ്ങൾ നടത്താൻ രണ്ട് നോകിയ ഫോണുകൾ സംഘടിപ്പിച്ചു.



**യോഗി ആദിത്യാനന്ദ:** ഘരഖ്പൂരിൽ നിന്നുള്ള ബി.ജെ.പിയുടെ പാർലമെന്റ് അംഗം. ഭീകര പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ അസിമാനന്ദയുമായി ബന്ധപ്പെട്ടു. 2006ൽ ഘരഖ്പൂരിലെ യോഗിയുടെ വീട്ടിൽവെച്ച് ജോഷി കൂടിക്കാഴ്ച നടത്തി. ഇതിനുശേഷമാണ് നിരവധി സ്ഫോടനങ്ങൾ നടന്നത്.




**ഡോ. അശോക് വർഷ്ണായ്:** കാൺപൂരിലെ ആർ.എസ്.എസ് പ്രാന്തപ്രചാരക്, സ്ഫോടന കേസ് പ്രതികൾക്ക് ഗുജറാത്തിലെ വൻവാസി കല്യാൺ ആശ്രമിലും ഉത്തർപ്രദേശിലെ വിശ്വമംഗൾഗുത്ത ഗ്രാമിലും അഭയം നൽകി.



**ഭാരത് രാതേശ്വർ:** ഗുജറാത്തിലെ വത്സാദിലുള്ള വിവേകാനന്ദ കേന്ദ്ര സൻസ്ഥാനിന്റെ മേധാവി. അസിമാനന്ദയുടെ അടുത്ത കൂട്ടാളി. ഭീകര പ്രവർത്തനം ആസൂത്രണം ചെയ്ത നിരവധി യോഗങ്ങളിൽ പങ്കെടുത്തു. ജോഷിയോടൊപ്പം പല സ്ഥലങ്ങളിലും യാത്ര ചെയ്തു.



**രാജേഷ് മിശ്ര:** ആർ.എസ്.എസ് പ്രവർത്തകൻ. മാവോക്കടുത്ത പീതാംപൂരയിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. 2007ൽ ജോഷിക്ക് പതിനൊന്ന് കാസ്റ്റ് അയേൺ ഷെല്ലുകൾ കൊടുത്തു. 2002ൽ ദോഹയിലെ മുഖ്യകേന്ദ്രത്തിൽ സ്ഫോടനം നടത്താൻ അവയാണ് ഉപയോഗിച്ചിരുന്നത്.



**ദയാനന്ദ് പാണ്ഡെ:** സുധാകർ ദർദിവേദി എന്നറിയപ്പെടുന്നു. ജമ്മുവിൽ ശാരദപീഠ് എന്ന ആശ്രമം നടത്തിയിരുന്നു. 2008ലെ മാലേഗാവ് സ്ഫോടന കേസിന്റെ ബുദ്ധികേന്ദ്രം. യോഗങ്ങൾ വീഡിയോയിൽ പകർത്തി സൂക്ഷിക്കുകയായിരുന്നു. പോലീസ് കണ്ടെത്തിയ പാണ്ഡെയുടെ ലാപ്ടോപിൽനിന്ന് നിർണായക തെളിവുകൾ ലഭിച്ചു.



**സാധ്വി പ്രജ്ഞാസിംഗ്:** അഭിനവ് ഭാരതിന്റെ നേതാവ്. സ്ഫോടന പരമ്പരകളുടെ സൂത്രധാരകരിൽ പ്രധാനി. ഭീകര ശൃംഖലകൾക്ക് മേൽനോട്ടം വഹിച്ചു. മുൻ എ.ബി.വി.പി പ്രവർത്തക. മാലേഗാവ് കേസിൽ അറസ്റ്റിലായി.



**സുരേഷ് നായർ:** മലയാളി, കൊയിലാണ്ടി സ്വദേശി. ഗുജറാത്തിൽ താമസം. സംഘ്പരിവാർ ഭീകര ശ്യംഖലയിൽ കണ്ണി. സ്ഫോടനങ്ങളിൽ പങ്കാളി.

**ഓരോ** ദിവസവും നടുക്കമുണ്ടാക്കുന്ന പുതിയ വെളിപ്പെടുത്തലുകളാണ് സംഘ്പരിവാർ ഭീകരതയെക്കുറിച്ച് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയെ വിറപ്പിച്ച സ്ഫോടന പരമ്പരകളിൽ പലതും ആർ.എസ്.എസ് ഉൾപ്പെടെ സംഘ്പരിവാർ സംഘടനകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതാണെന്നതിന് നേരത്തെ സൂചനകൾ ലഭിച്ചിരുന്നുവെങ്കിലും 2007-2008 കാലത്താണ് അതിന് അന്വേഷണ ഏജൻസികളുടെ സ്ഥിരീകരണം ലഭിച്ചു തുടങ്ങിയത്. 2010 അവസാനിച്ചതും 2011 പിറന്നതും സംഘ്പരിവാറിന്റെ ഫാഷിസ്റ്റ് മുഖം കൂടുതൽ അനാവരണം ചെയ്തുകൊണ്ടാണ്. സ്വാമിമാരും സാധ്വിമാരും സൈനികരും നേതൃത്വം നൽകിയ കാവി ഭീകരതയെക്കുറിച്ച അനിഷേധ്യമായ വസ്തുതകൾ, പ്രതികൾ തന്നെ ഏറ്റുപറയുകയും കുറ്റസമ്മതം നടത്തുകയും ചെയ്തിരിക്കുന്നു. മാലേഗാവ് സ്ഫോടനക്കേസ് അന്വേഷണത്തിലൂടെ ഹേമന്ത് കർക്കരെ തുറന്നുവിട്ട സംഘ്പരിവാർ കുടത്തിൽ നിന്ന് സ്വാമി അസിമാനന്ദയും ആർ.എസ്.എസ് നേതാവ് ഇന്ദ്രേഷ് കുമാറും പോലുള്ള കൊമ്പൻ സ്രാവുകൾ പുറത്തുവന്നു കഴിഞ്ഞു. പിടിച്ചതിനേക്കാൾ വലുത് കുടത്തിനകത്ത് ഉണ്ടാകാനുള്ള സാധ്യകളിലേക്കാണ് വാർത്തകൾ വിരൽചൂണ്ടുന്നത്.

അവസാനം പുറത്തുവന്ന അസിമാനന്ദയുടെ, 39 പേജുള്ള കുറ്റസമ്മത മൊഴി കൂടി മുന്നിൽ വെച്ച് ചിന്തിക്കുമ്പോൾ നാല് പ്രധാന വസ്തുതകളാണ് സംഘ്പരിവാർ ഭീകരതയുടെ വിഷയത്തിൽ ശ്രദ്ധേയമായിട്ടുള്ളത്.

1. തീവ്രവാദം, ഭീകരത, സ്ഫോടനങ്ങൾ, രാജ്യസുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ ബി.ജെ.പിയും ആർ.എസ്.എസ്സും അവരുടെ കുഴലൂത്തുകാരായ മാധ്യമങ്ങളും ഉയർത്തിയ വിതണ്ഡവാദങ്ങൾ പൊളിഞ്ഞിരിക്കുന്നു. സംഘ്പരിവാറിന് മുഖം നഷ്ടപ്പെടുകയും ബി.ജെ.പിയുടെ പ്രമുഖ നേതാക്കൾ

വരെ പ്രതികരിക്കാനാകാതെ മൗനികളാവുകയും ചെയ്തിരിക്കുന്നു. 'സംഘ്പരിവാർ കിമ്പളം' പറ്റുന്ന പത്രപ്രവർത്തകരുടെയും മുഖ്യധാരാ മാധ്യമങ്ങളുടെയും കള്ളപ്രചാരണങ്ങൾ പരിഹാസ്യമാംവിധം പൊളിഞ്ഞു വീഴുകയും ചെയ്തു.

2. പാക് തീവ്രവാദ ഗ്രൂപ്പുകളും പാക് ചാരസംഘടനയായ ഐ.എസ്.ഐയും ഇന്ത്യയിലെ വർഗീയവാദികളായ ഹിന്ദുത്വ സംഘടനകളും തമ്മിലുള്ള അവിശുദ്ധ ബന്ധവും, ആർ.എസ്.എസ്സിനു സ്ഫോടനങ്ങളിൽ നേരിട്ടുള്ള പങ്കാളിത്തവും തെളിയിക്കപ്പെട്ടു. പാക് തീവ്രവാദികൾക്കും ഐ.എസ്.ഐക്കും ഇന്ത്യയിലെ ഭീകരാക്രമണങ്ങളിൽ പങ്കുണ്ടെങ്കിലും, അവർക്ക് സഹായം നൽകി സ്ഫോടനങ്ങളുടെ നടത്തിപ്പുകാരായത് സംഘ്പരിവാറാണെന്നത് ഗൗരവത്തോടെ ചർച്ചയാകേണ്ടതാണ്. 'ഇന്ത്യാ വിരുദ്ധർ, പാക് ചാരന്മാർ' തുടങ്ങിയ ആരോപണങ്ങൾ ഇന്ത്യൻ മുസ്‌ലിംകൾക്കെതിരെയാണ് സംഘ്പരിവാർ ഇത്രയും കാലം ഉന്നയിച്ചിരുന്നത്. ആർ.എസ്.എസ്സിന്റെ ദേശീയ നിർവാഹക സമിതി അംഗം ഇന്ദ്രേഷ് കുമാർ ഉൾപ്പെടെ ആർ.എസ്.എസ് പ്രവർത്തകർക്ക് സ്ഫോടനങ്ങളിലുള്ള പങ്കാളിത്തം തെളിഞ്ഞു കഴിഞ്ഞിരിക്കെ ഇനി എന്താണ് ആർ.എസ്.എസ്സിന് പറയാനുള്ളത്?

3. സംഘ്പരിവാർ നടത്തിയ പല സ്ഫോടനക്കേസുകളിലും അറസ്റ്റിലായതും പീഡിപ്പിക്കപ്പെട്ടതും മുസ്‌ലിം യുവാക്കളാണ്. അവരും കുടുംബവും ഭീകരവാദികളായി മുദ്രകുത്തപ്പെട്ടു. നിരപരാധികളായ പലരും കുറ്റവാളികളെപ്പോലെ ഇപ്പോഴും ജയിലുകളിൽ കഴിയുന്നു. വിട്ടയക്കപ്പെട്ടവർക്കാകട്ടെ ജീവിതം തന്നെ വഴിമുട്ടിയിരിക്കുന്നു. അവരിപ്പോഴും സമൂഹത്തിന്റെ കണ്ണിൽ ഭീകരവാദികൾ തന്നെ! മാധ്യമങ്ങളോ ഗവൺമെന്റോ അവരോട് മാപ്പ് പറയാനോ മതിയായ നഷ്ടപരിഹാരം നൽകാനോ തയാറായിട്ടില്ല.

4. പലപ്പോഴും മൃദുഹിന്ദുത്വം കളിക്കാറുള്ള കോൺഗ്രസ്, സമീപകാലത്ത് സംഘ്പരിവാറിനെതിരെ ശക്തമായ നിലപാടെടുക്കാൻ സന്നദ്ധമായി എന്നതാണ് സ്ഫോടന കേസുകളിൽ ഈവിധം തുമ്പുണ്ടാക്കാനുള്ള ഒരു കാരണം. കോൺഗ്രസ് നേതാവ് ദിഗ്‌വിജയ് സിംഗ്, കാവി ഭീകരത മുസ്‌ലിം തീവ്രവാദത്തേക്കാൾ രാജ്യത്തിനാപത്താണെന്ന് തുറന്നു പറഞ്ഞ രാഹുൽ ഗാന്ധി, അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ച എ.ഐ.സി.സി, രാജസ്ഥാനിലെയും മറ്റും കോൺഗ്രസ് മുഖ്യമന്ത്രിമാർ തുടങ്ങിയവരുടെ നിലപാടുകൾ പ്രശംസാർഹമാണ്.

### അജ്മീർ: ആഘോഷ വേളയിലെ സ്ഫോടനം

2007 ഒക്ടോബർ 11ന് ഒരു പ്രത്യേകതയുണ്ട്. വിശുദ്ധ റമദാനിലെ 28-ാം ദിവസമായിരുന്നു അന്ന്. റമദാനിലെ അവസാനത്തെ പത്തു ദിവസങ്ങൾ ഏറ്റവും പുണ്യകരമായതു കൊണ്ട് വിശ്വാസികൾ പതിവിലുമേറെ പള്ളികളിലുണ്ടാകും. റമദാൻ 28-ന് നോമ്പ് തുറക്കാൻ കൂടുതൽ ആളുകൾ ഒരുമിച്ചു ചേർന്നിരുന്നു. ഒന്നോ രണ്ടോ ദിവസത്തിനകം വന്നെത്തുന്ന ചെറിയ പെരുന്നാൾ ആഘോഷിക്കാനുള്ള ഒരുക്കങ്ങൾക്കായി ധാരാളം മുസ്‌ലിംകൾ നഗരത്തിലെത്തിയിരുന്നതിനാൽ, പതിവിലും കവിഞ്ഞ തിരക്കുണ്ടായിരുന്നു അന്ന് ദർഗയിലും പള്ളിയിലും.

മുസ്‌ലിംകളുടെ ഈ വിശേഷാവസരത്തിൽ തന്നെ ദർഗയിൽ ബോംബ് വെക്കാനായിരുന്നു സംഘ്ഭീകരരുടെ തീരുമാനം. സന്ധ്യാസമയത്ത് മഗ്‌രിബ് നമസ്കാരത്തിന് അയ്യായിരത്തോളം വിശ്വാസികൾ ഒത്തുകൂടിയ സന്ദർഭത്തിലാണ് സ്ഫോടനം നടത്തിയത്. 'മാലേഗാവ്' ഉൾപ്പെടെയുള്ള പല സ്ഫോടനങ്ങളും ഇത്തരം വേളകളിൽ തന്നെയാണ് നടത്തിയിരുന്നത്. ടിഫിൻ പാത്രത്തിൽ വെച്ച ബോംബുകൾ ദർഗക്ക് പുറത്താണ് സ്ഥാപിച്ചിരുന്നത്. ബോംബുകളിൽ രണ്ടെണ്ണം പൊട്ടി. 3 പേർ മരിക്കുകയും 20-ഓളം പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത സ്ഫോടനത്തിന്റെ ആഘാതം സംഘ്പരിവാർ പ്രതീക്ഷിച്ചപോലെ അത്ര ഭീകരമായില്ല. ആളുകൾ പുറത്തിറങ്ങുന്ന സമയത്തിന് മുമ്പേ സ്ഫോടനം നടന്നതാകാം കാരണം.

പൊട്ടിയ ബോംബിന്റെ അവശിഷ്ടങ്ങളിൽനിന്ന് രണ്ട് സിം കാർഡുകൾ ലഭിച്ചു. മൊബൈലിന്റെ അവശിഷ്ടങ്ങളും കിട്ടുകയുണ്ടായി. പൊട്ടാത്ത ബോംബിലും മൊബൈൽ ഫോൺ സിം കാർഡുണ്ടായിരുന്നു. സ്ഫോടനത്തിനുള്ള ടൈമറായി ഉപയോഗിച്ചിരുന്നത് സിം കാർഡുകളായിരുന്നു.

ഇന്ത്യയെ നടുക്കിയ അജ്മീർ സ്ഫോടനത്തിനു പിന്നിലെ കാവി കരങ്ങളെക്കുറിച്ച സൂചനകൾ വ്യക്തമായിരുന്നു. പക്ഷേ, സ്ഫോടനം നടന്ന ഉടൻ ഗവൺമെന്റും പോലീസും മാധ്യമങ്ങളും വിരൽ ചൂണ്ടിയത് ഒരേ ദിശയിലേക്കായിരുന്നു; മുസ്‌ലിം ഭീകരരാണ് സ്ഫോടനങ്ങൾക്ക് പിന്നിൽ. മറ്റൊരു സാധ്യതയിലേക്കും സംശയത്തോടെ പോലും ആരും സൂചനകൾ നൽകിയില്ല.

'സൂഫികൾക്കെതിരെ തീവ്രവാദികൾ നടത്തിയ ആക്രമണം' എന്നായിരുന്നു പൊതു പ്രചാരണം. ചെറിയ എതിർപ്പും വിയോജിപ്പുമുള്ളതിന്റെ പേരിൽ ഇത്തരമൊരു സ്ഫോടനം ഒരു മുസ്‌ലിം സംഘം ആസൂത്രണം ചെയ്യുമോ എന്ന ചോദ്യം ഒരു മാധ്യമ പ്രവർത്തകനും ഉന്നയിച്ചില്ല. അന്ന് സംസ്ഥാനം ഭരിക്കുന്നത് ബി.ജെ.പി ഗവൺമെന്റ്. മുഖ്യമന്ത്രി വസുന്ധര രാജ സിന്ധ്യ. ആഭ്യന്തര വകുപ്പ് മന്ത്രി ഗുലാബ് ചന്ദ് കതാരിയ. ബി.ജെ.പി ഗവൺമെന്റിന്റെ ഭരണം സംഘ്പരിവാറിന്റെ വഴി എളുപ്പമാക്കി. യഥാർഥ പ്രതികൾ മറച്ചുവെക്കപ്പെട്ടു. അവർക്ക് സംരക്ഷണം ലഭിച്ചു. ഇന്ത്യൻ മുജാഹിദീൻ, ലശ്കറെ ത്വയ്യിബ തുടങ്ങിയ സംഘടനകളുടെ പേരുകൾ സ്ഫോടനവുമായി ഘടിപ്പിക്കപ്പെട്ടു. അതിലൂടെ സംഘ്പരിവാറിന് ബഹുമുഖ നേട്ടങ്ങളുണ്ടായി. 1. സ്ഫോടനത്തിലൂടെ മുസ്‌ലിംകളെ വകവരുത്താൻ കഴിഞ്ഞു; വർഗീയ കലാപത്തിന്റെ പേരുദോഷമില്ലാതെ.

2. മുസ്‌ലിം യുവാക്കളെ 'പ്രതികളാക്കി' വേട്ടയാടി.

3. മുസ്‌ലിം തീവ്രവാദത്തെ കുറിച്ച കഥകൾ പ്രചരിപ്പിച്ചു. ഇതര മതവിഭാഗങ്ങൾക്ക് ഭീഷണിയായ മുസ്‌ലിം തീവ്രവാദം മുസ്‌ലിംകളെ ത്തന്നെ വേട്ടയാടുന്നുവെന്ന പ്രചാരണം വ്യാപകമാക്കി.

വർഗീയ കലാപം സൃഷ്ടിക്കാൻ കഴിയുംവിധം മുസ്‌ലിംകളെ പ്രകോപി

പ്പിച്ച് തെരുവിലിറക്കാം എന്ന് സംഘ്പരിവാർ കണക്കുകൂട്ടിയിരുന്നു. ഇതൊഴികെ, മൂന്ന് ലക്ഷ്യങ്ങളും സംഘ്പരിവാറിന് നേടാൻ കഴിഞ്ഞു. മുസ്‌ലിംകളുടെ ദർഗയിൽ സ്ഫോടനമുണ്ടായിട്ടും പ്രകോപിതരായി മുസ്‌ലിംകൾ തെരുവിലിറങ്ങിയില്ല. മുസ്‌ലിംകൾ പാലിച്ച സംയമനത്തെക്കുറിച്ച് മീഡിയ മിണ്ടിയതുമില്ല; അവ സ്ഫോടനത്തിനു പിന്നിലെ 'തീവ്രവാദി'കളെ തെരഞ്ഞുകൊണ്ടേയിരുന്നു! സ്ഫോടനം നടന്നതിന്റെ അടുത്ത ദിവസങ്ങളിൽ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച 'അന്വേഷണ' റിപ്പോർട്ടുകൾ മീഡിയ കാവിവത്കരിക്കപ്പെട്ടതിന്റെ ഉത്തമോദാഹരണമായിരുന്നു. ഇതു സംബന്ധിച്ച് പത്രപ്രവർത്തകയും മലയാളിയുമായ ഒ. നാജിയ ഒരു അന്വേഷണാത്മക ലേഖനം എഴുതിയിട്ടുണ്ട് (twocircles.net).

**നിരപരാധികൾ വേട്ടയാടപ്പെടുന്നു**

സ്ഫോടനം നടന്ന അന്നു തന്നെ മുസ്‌ലിം തീവ്രവാദികളിലേക്കാണ് ഉത്തരവാദപ്പെട്ടവരുടെ സൂചനകൾ പോയത്. കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ലശ്കറെ ത്വയ്യിബയാണ് സ്ഫോടനങ്ങൾക്ക് പിന്നിലെന്നും അവർ 'സൂഫീ' വിരോധികളാണെന്നും പ്രഖ്യാപിച്ചതായി അടുത്ത ദിവസം പത്രങ്ങളിൽ വാർത്ത വന്നു. 2006-ലെ മാലേഗാവ് സ്ഫോടനം, 2007 മെയ് മാസത്തിലെ ഹൈദരാബാദ് സ്ഫോടനം എന്നിവയുമായി അജ്മീർ സ്ഫോടനത്തിന് സാമ്യതയുണ്ടെന്നും ലശ്കറോ ജയ്ശേ മുഹമ്മദോ ഹർക്കത്തുൽ ജിഹാദോ ആകാം സ്ഫോടനത്തിന് പിന്നിലെന്നും ഔദ്യോഗിക വൃത്തങ്ങളെ ഉദ്ധരിച്ച് വാർത്ത വന്നു. ഹൈദരാബാദ് -മാലേഗാവ് സ്ഫോടനം പോലെ ടിഫിൻ ബോക്സിലാണ് ബോംബുകൾ സ്ഥാപിച്ചിരുന്നത് എന്നും സൂചനയുണ്ടായി.

മാലേഗാവ്-ഹൈദരാബാദ് സ്ഫോടന കേസുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കെ, അതിലെ പ്രതികളാരെന്ന് തെളിഞ്ഞു കഴിഞ്ഞിട്ടില്ലെന്നിരിക്കെ, എങ്ങനെയാണ് ഇത്തരമൊരു പ്രസ്താവന അധികൃതരുടെ ഭാഗത്തുനിന്നുണ്ടായത്? അജ്മീർ സ്ഫോടനക്കേസ് അന്വേഷണം തുടങ്ങുക പോലും ചെയ്യാതെ, പ്രതികളെക്കുറിച്ച് യാതൊരു സൂചനയും ലഭിക്കാതെ എന്തടിസ്ഥാനത്തിലാണ് ലശ്കറും ഹുജിയും പ്രതിസ്ഥാനത്ത് വന്നത്? ലശ്കറെ ത്വയ്യിബക്ക് സൂഫികളോട് ശത്രുതയുണ്ടെന്ന് ആഭ്യന്തര സെക്രട്ടറിയെ പോലെ ഉയർന്ന സ്ഥാനത്തിരിക്കുന്ന ഒരാൾ എന്തടിസ്ഥാനത്തിലാണ് പറഞ്ഞത്? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം കിട്ടില്ലെങ്കിലും കൊണ്ടുപിടിച്ച പ്രചാരണത്തിന്റെ ഉന്നം കൃത്യമായിരുന്നു. യഥാർഥ പ്രതികളായ സംഘ്പരിവാറിനെ രക്ഷിക്കുക. നിരപരാധികളായ മുസ്‌ലിം യുവാക്കളെ വേട്ടയാടുക!

ബംഗ്ലാദേശ് സ്വദേശി ശാഹിദ് ബിലാലാണ് സ്ഫോടനത്തിന്റെ സൂത്രധാരൻ എന്നാണ് ആദ്യം വന്ന വാർത്ത. ഒന്നാമത്തെ മുസ്‌ലിം പേര് അതായിരുന്നു (Deccan Herald- Saturday October 13, 2007). അജ്മീർ ദർഗക്കു മുമ്പിൽ കച്ചവടം നടത്തിയിരുന്ന, സ്ഫോടനത്തിൽ മരിച്ച സയ്യിദ് സലീം ആയിരുന്നു അടുത്ത ദിവസം വാർത്തയിൽ നിറഞ്ഞ മറ്റൊരു 'പ്രതി'. അജ്മീർ സ്ഫോടനത്തിന് ഹൈദരാബാദ് സ്ഫോടനവുമായി സാമ്യതയുണ്ട്, സയ്യിദ് സലിം ഹൈദരാബാദുകാരനാണ്, അദ്ദേഹത്തെ ഒരു സ്ത്രീ ഇടക്കിടെ സന്ദർശിക്കാറുണ്ടായിരുന്നു, സ്ഫോടനത്തിന് രണ്ടു ദിവസം മുമ്പ് സ്ത്രീ അപ്രത്യക്ഷയായി, അവൾ കൊണ്ടുവരുന്ന ബാഗിലാണ് സ്ഫോടക വസ്തുക്കൾ ഉണ്ടായിരുന്നത്... ഇതെല്ലാമായിരുന്നു പ്രചരിപ്പിക്കപ്പെട്ട കഥകൾ.

മാധ്യമങ്ങൾ 'മുസ്‌ലിം തീവ്രവാദി'കളെ ഉന്നംവെച്ചുള്ള വാർത്തകൾ തുടരെ തുടരെ പ്രസിദ്ധീകരിച്ചു. 2007 ഒക്ടോബർ 13-ന് *ഹിന്ദു* പത്രത്തിൽ പ്രവീൺ സ്വാമി എഴുതിയത്, 'മുസ്‌ലിം ഭീകരർ മുസ്‌ലിം ആത്മീയ കേന്ദ്രം ഉന്നംവെക്കുന്നു' എന്നായിരുന്നു (www.hinduonnet.com/2007/10/12/stories). ഹർക്കത്തുൽ ജിഹാദിനെ കുറിച്ച കഥകളാണ് *ഇന്ത്യൻ എക്സ്പ്രസ്* പ്രസിദ്ധീകരിച്ചത് (15 October 2007).

**പൂച്ച പുറത്തു ചാടുന്നു**

മാലേഗാവ് സ്ഫോടനക്കേസിൽ ലഫ്. കേണൽ പുരോഹിത് പോലീസ് പിടിയിലാവുകയും 2008-ൽ നടന്ന തെരഞ്ഞെടുപ്പിൽ രാജസ്ഥാൻ ഭരണത്തിൽനിന്ന് ബി.ജെ.പി പുറത്താവുകയും ചെയ്തതാണ് അജ്മീർ സ്ഫോടനക്കേസ് അന്വേഷണത്തിൽ വഴിത്തിരിവായത്. ബി.ജെ.പിക്ക് രാജസ്ഥാനിൽ ഭരണം നഷ്ടപ്പെടുകയും കോൺഗ്രസ് അധികാരത്തിൽ വരികയും ചെയ്തതോടെ അന്വേഷണ ഉദ്യോഗസ്ഥർക്കു മേലുണ്ടായിരുന്ന സംഘ്പരിവാറിന്റെ കൂച്ചുവിലങ്ങ് ഒരു പരിധിവരെ നീങ്ങി. അന്വേഷണം നേർദിശ പ്രാപിച്ചുതുടങ്ങി.

എന്നാൽ, അജ്മീർ സ്ഫോടനക്കേസ് അന്വേഷണത്തിന്റെ ഗതി മാറ്റിയത് മാലേഗാവ് സ്ഫോടനക്കേസിൽ അറസ്റ്റിലായ ലഫ്. കേണൽ പുരോഹിതിന്റെ മൊഴിയാണ്. അജ്മീർ-സംഝോത എക്സ്പ്രസ്-മാലേഗാവ് സ്ഫോടനങ്ങൾക്കു പിന്നിൽ സംഘ്പരിവാറാണെന്ന് നാർക്കോ അനാലിസിസിൽ പുരോഹിത് സമ്മതിച്ചു. സ്വാമി അസിമാനന്ദയെന്ന ദയാനന്ദ പാണ്ഡെയുടെ സ്ഫോടനത്തിലെ പങ്കാളിത്തവും പുരോഹിത് വെളിപ്പെടുത്തി. അജ്മീർ ദർഗ-കർണാടക-ഓറീസ സ്ഫോടനങ്ങൾക്കു പിന്നിൽ കേണൽ പുരോഹിതിന് പങ്കുണ്ടെന്ന്, സാധ്വി പ്രജ്ഞാ സിംഗും അഭിനവ് ഭാരതിന്റെ അജയ് റഹിർക്കറും സമ്മതിക്കുകയും ചെയ്തു. 'അഭിനവ് ഭാരത്' എന്ന സംഘ്പരിവാർ സംഘടനയും സ്വാമി അസിമാനന്ദയുൾപ്പെടെയുള്ള കാവി ഭീകരരുമാണ് മക്കാ മസ്ജിദ്-അജ്മീർ സ്ഫോടനങ്ങൾ നടത്തിയതെന്ന് രാജസ്ഥാൻ ഭീകരവിരുദ്ധ സംഘത്തിന് തെളിവുകൾ ലഭിച്ചു.

സ്ഫോടനം നടന്ന സ്ഥലത്തുനിന്ന് കണ്ടെടുക്കപ്പെട്ട സിംകാർഡിനെ ചുറ്റിപ്പറ്റി നടന്ന അന്വേഷണമാണ് ഹിന്ദുത്വ സംഘടനയായ അഭിനവ് ഭാരതിന്റെ പ്രവർത്തകൻ ദേവേന്ദ്ര ഗുപ്തയുടെ അറസ്റ്റിന് വഴിയൊരുക്കിയത്. 2010 ഏപ്രിൽ 30-നാണ് ഗുപ്ത പോലീസ് പിടിയിലായത്. അജ്മീർ സ്ഫോടനക്കേസിലെ ആദ്യ അറസ്റ്റായിരുന്നു ഇത്. അജ്മീറിലെ ബിഹാരിഗഞ്ച് സ്വദേശിയാണ് ഗുപ്ത. മാലേഗാവ് സ്ഫോടന കേസിലെ പ്രധാന പ്രതി സാധ്വി

പ്രജ്ഞാ സിംഗുമായി ഇയാൾക്ക് ബന്ധമുണ്ടെന്ന് പോലീസ് കണ്ടെത്തി (*Times of India*- 2010 May 1, www.ndtv.com apr. 30, 2010).

മറ്റൊരു പ്രതിയായ വിഷ്ണു പ്രസാദ് അറസ്റ്റിലായത് മധ്യപ്രദേശിലെ ഷാജഹാൻപൂരിൽ നിന്നാണ്. പിടിയിലായ മറ്റൊരാൾ ചന്ദ്രശേഖർ എന്ന സംഘ് പ്രവർത്തകനാണ്. അഭിനവ് ഭാരതിന്റെ പ്രവർത്തകൻ ലോകേഷ് ശർമ, മധ്യപ്രദേശിലെ ധർ ജില്ലയിൽ നിന്നുള്ള വ്യവസായി രാജേഷ് മിശ്ര എന്നിവരും തുടർ ദിനങ്ങളിൽ അറസ്റ്റ് ചെയ്യപ്പെട്ടു. സ്ഫോടനം സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ പോലീസിന് ലഭിച്ചത് ലോകേഷ് ശർമയിൽ നിന്നാണ്. ഇൻഡോർ സ്വദേശിയായ ശർമയെ ചിന്ത്വാര ജില്ലയിൽ നിന്നാണ് പോലീസ് അറസ്റ്റ് ചെയ്തത്. മറ്റു പ്രതികളായ ചന്ദ്രശേഖർ, ദേവേന്ദ്ര എന്നിവരുടെ സുഹൃത്താണ് ലോകേഷ് ശർമ. മുകേഷ് വാസ്നി, ഹർഷദ് ബായ് സോളങ്കി എന്നിവരാണ് സ്ഫോടന കേസിലെ മറ്റു രണ്ട് പ്രതികൾ. മുകേഷ് വാസനിയാണ് അജ്മീർ ദർഗയിൽ സ്ഫോടനം നടത്താൻ ബോംബ് സ്ഥാപിച്ചതെന്ന് രാജസ്ഥാൻ എ.ടി.എസ്സിലെ എസ്.പി സത്യേന്ദ്ര സിംഗ് റാണാവത്ത് വെളിപ്പെടുത്തുകയുണ്ടായി.

അജ്മീർ സ്ഫോടനവുമായി ബന്ധപ്പെട്ട് സി.ബി.ഐ സമർപ്പിച്ച കുറ്റപത്രത്തിൽ മുതിർന്ന ആർ.എസ്.എസ് നേതാവ് ഇന്ദ്രേഷ് കുമാർ ഉൾപ്പെടെയുള്ളവർക്ക് സ്ഫോടനങ്ങളിൽ പങ്കുള്ളതായി പറഞ്ഞിട്ടുണ്ട്. 806 പേജ് വരുന്ന കുറ്റപത്രത്തിൽ 213 രേഖകളും 133 സാക്ഷിമൊഴികളും ഉൾപ്പെടുത്തിയിട്ടുണ്ട്. അജ്മീറിന് പുറമെ ദൽഹി ജുമാമസ്ജിദ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്ഫോടനം നടത്താനായിരുന്നു സംഘ്പരിവാറിന്റെ പദ്ധതി. 2005 ഒക്ടോബർ 13നു ജയ്പൂരിലെ ഗജറാത്ത് സമാജ് ഗസ്റ്റ് ഹൗസിൽ ചേർന്ന രഹസ്യ യോഗമാണ് സ്ഫോടനം ആസൂത്രണം ചെയ്തത്. ഈ യോഗത്തിൽ മുതിർന്ന ആർ.എസ്.എസ് നേതാവ് ഇന്ദ്രേഷ് കുമാർ പങ്കെടുത്തിരുന്നു. ദേവേന്ദ്ര ഗുപ്ത, ലോകേഷ് ശർമ, ചന്ദ്രശേഖർ ലെവെ എന്നിവരാണ് സ്ഫോടനത്തിന്റെ മുഖ്യ സൂത്രധാരർ. മക്കാ മസ്ജിദ് സ്ഫോടനത്തിലെ പ്രതികളായ സന്ദീപ് ദാംഗെ, വാജി കൽസംഗാര എന്നിവരുടെ പേരും കുറ്റപത്രത്തിലുണ്ട്. യോഗത്തിൽ ഇന്ദ്രേഷ് കുമാറിന് പുറമെ പ്രജ്ഞാ സിംഗ് ഠാക്കൂർ, ആർ.എസ്.എസ് പ്രചാരക് സുനിൽ ജോഷി തുടങ്ങിയവരും പങ്കെടുത്തിരുന്നു. വിവിധ മത സംഘടനകളുമായി ചേർന്ന് സ്ഫോടനം വിജയിപ്പിക്കാനായിരുന്നു ഇന്ദ്രേഷ് കുമാറിന്റെ നിർദേശം. വിശ്വാസികളുടെ രൂപത്തിൽ വന്നാൽ സംശയമില്ലാതെ പദ്ധതി നടപ്പിലാക്കാമെന്നും അദ്ദേഹം പറഞ്ഞു. ദർഗയിൽ ബോംബ് വെക്കാനുള്ള ഉത്തരവാദിത്വം സുനിൽ ജോഷിക്കായിരുന്നു. ആയുധങ്ങളും സ്ഫോടക വസ്തുക്കളും ഉറപ്പാക്കേണ്ട ചുമതലയായിരുന്നു ശർമക്കും കൽസംഗാരക്കും. വ്യാജ സിം കാർഡ് സംഘടിപ്പിക്കലായിരുന്നു ഗുപ്തയുടെ ചുമതല. സ്ഫോടനത്തിന് വേണ്ട പണം സ്വരൂപിക്കാൻ ദാംഗെയോട് നിർദേശിച്ചു. സ്ഫോടനത്തിന് ശേഷം മാധ്യമങ്ങളെ കൈകാര്യം ചെയ്യേണ്ട ബാധ്യതയായിരുന്നു പ്രജ്ഞാ സിംഗിന്. ഇൻഡോറിലെ കൽസംഗാരെയുടെ ശാന്തിവിഹാർ കോളനിയിലാണ് ബോംബ് നിർമിച്ചത്. മൂന്ന് ബോംബുകൾ കൊണ്ടുവന്ന് അജ്മീർ ദർഗയിൽ സ്ഥാപിച്ചു. ശേഷം പ്രതികൾ രക്ഷപ്പെട്ടു. ഒരു കാറിലാണ് സ്ഫോടക വസ്തുക്കൾ എത്തിച്ചത്. കാർ പോലീസ് കസ്റ്റഡിയിലായി. സ്ഥാപിച്ച മൂന്ന് ബോംബുകളിൽ ഒന്ന് പൊട്ടിയില്ല.

**ഇന്ദ്രേഷ് കുമാറിന്റെ പങ്കാളിത്തം**

സ്ഫോടനങ്ങൾക്കു പിന്നിലെ ആർ.എസ്.എസ് പങ്കാളിത്തം കൃത്യമായി തെളിഞ്ഞുവെന്നതാണ് അജ്മീർ സ്ഫോടനത്തിന്റെ പ്രത്യേകത. മധ്യപ്രദേശിലെ മൽവ പ്രവിശ്യയിൽ നിന്നുള്ളവരാണ് അജ്മീർ സ്ഫോടന കേസിലെ പ്രതികളിൽ ഭൂരിഭാഗവും. പരമ്പരാഗതമായി ആർ.എസ്.എസ് സ്വാധീനം ഏറെ ശക്തമായ പ്രദേശമാണ് ഇത്. മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് 'കാവിഭീകരത' തഴച്ചു വളരുന്നതെന്നും ഈ സ്ഫോടനങ്ങളിൽനിന്ന് വ്യക്തമായി. അജ്മീർ–സംഝോത എക്സ്പ്രസ്– മക്കാ മസ്ജിദ് സ്ഫോടനങ്ങൾ ഒരേ സംഘം തന്നെയാണ് ആസൂത്രണം ചെയ്തത്.

മോഹൻ ഭഗവത് ഉൾപ്പെടെ 21 അംഗ ആർ.എസ്.എസ് കേന്ദ്ര നിർവാഹക സമിതിയിൽ അംഗമാണ് ഇന്ദ്രേഷ് കുമാർ. അതുകൊണ്ടുതന്നെ ആർ.എസ്.എസ് നേതൃത്വം ഇയാളെ തള്ളിപ്പറയാൻ തയാറായില്ല. സ്ഫോടനത്തിന് നേതൃത്വം നൽകിയ സുനിൽ ജോഷിയുടെ ഡയറി മധ്യപ്രദേശിലെ ദേവാസിൽ നിന്ന് കണ്ടെടുത്തതോടെയാണ് സ്ഫോടനത്തിൽ ഇന്ദ്രേഷ് കുമാറിനുള്ള പങ്ക് വെളിച്ചത്താകുന്നത്. സുനിൽ ജോഷിയും ദേവേന്ദ്ര ഗുപ്തയും ആർ.എസ്.എസ് പ്രചാരക് ആണ്.

മോഹൻ ഭഗവതിന്റെ വലംകൈയായ ഇന്ദ്രേഷ് കുമാർ 2008–ലെ അമർനാഥ് സംഘർഷത്തിന് പിന്നിലും പ്രവർത്തിച്ചിട്ടുണ്ട്. 2010 ഡിസംബർ അവസാനത്തിൽ ഇന്ദ്രേഷ് കുമാറിനെ സി.ബി.ഐ ചോദ്യം ചെയ്യുകയുണ്ടായി (2010 Dec 23, The Times of India). സി.ബി.ഐ സമർപ്പിച്ച കുറ്റപത്രത്തിൽ ഇന്ദ്രേഷ് കുമാറിന്റെ പേരും പരാമർശിച്ചിട്ടുണ്ട്. അഡീഷനൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് സമർപ്പിച്ച 806 പേജ് വരുന്ന റിപ്പോർട്ടിൽ ആർ.എസ്.എസ്സിനെ കുറിച്ച് 20 സ്ഥലങ്ങളിൽ പരാമർശമുണ്ട്. സ്ഫോടനങ്ങളുടെ ഗൂഢാലോചനകളെക്കുറിച്ചും റിപ്പോർട്ട് വിശദമായി പരാമർശിക്കുന്നു. ഉജ്ജയിനിൽ നടന്ന കുംഭമേളക്കിടെയാണ് കാവി ഭീകരതയുമായി ബന്ധപ്പെട്ട സംഘാംഗങ്ങൾ ആദ്യമായി ഒത്തുചേർന്നതത്രെ. 2004 മെയിൽ ഝാർഖണ്ഡിലും 2005 ഒക്ടോബറിൽ ജയ്പൂരിലും ഇവർ യോഗം ചേർന്നു. ജയ്പൂരിലെ യോഗത്തിൽ ഇന്ദ്രേഷ് കുമാർ ദീർഘനേരം സംസാരിച്ചിരുന്നു. 2006 ഫെബ്രുവരിയിൽ ഗുജറാത്തിൽ അസിമാനന്ദയുടെ ശബരി ധം ആശ്രമത്തിലാണ് മറ്റൊരു പ്രധാന യോഗം ചേർന്നത്. 2007–ൽ ഇൻഡോറിലും ഝാർഖണ്ഡിലും വീണ്ടും യോഗം ചേർന്നിരുന്നു.

ആർ.എസ്.എസ് നേതാവ് ഇന്ദ്രേഷ് കുമാറിന് പാകിസ്താൻ ചാര സംഘടനയായ ഐ.എസ്.ഐയുമായി ബന്ധമുണ്ടെന്ന പത്രറിപ്പോർട്ടുകൾ

2010 ഒക്ടോബറിൽ പുറത്തുവന്നു (*മാധ്യമം* 2010 ഒക്ടോബർ 25). മാലേഗാവ് സ്ഫോടനക്കേസ് അന്വേഷണത്തിനിടെ, രണ്ട് ആർ.എസ്.എസ് നേതാക്കൾക്ക് ഐ.എസ്.ഐയുമായി ബന്ധമുണ്ടെന്ന് വെളിപ്പെട്ടിരുന്നു. "മാലേഗാവ് സ്ഫോടനക്കേസിലെ മുഖ്യപ്രതിയും മുൻ സൈനിക ഇന്റലിജൻസ് ഉദ്യോഗസ്ഥനുമായ കേണൽ ശ്രീകാന്ത് പുരോഹിതാണ്, അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ഹേമന്ദ് കർക്കരെയോട് ആർ.എസ്.എസ് നേതാക്കളുടെ ഐ.എസ്.ഐ ബന്ധം വെളിപ്പെടുത്തിയത്. ബാംഗ്ലൂരിലെ ഫോറൻസിക് ലാബിലെ ശാസ്ത്രീയ പരിശോധനക്കിടയിലും നേതാക്കളുടെ പേരുകൾ പുരോഹിത് പറയുകയുണ്ടായി. ഇന്ദ്രേഷ് കുമാറിനോടൊപ്പം ആർ.എസ്.എസ് മേധാവിയായ മോഹൻ ഭഗവതിന്റെ പേരാണ് അന്ന് പുരോഹിത് പറഞ്ഞത്. ഐ.എസ്.ഐയിൽ നിന്ന് മൂന്ന് കോടി രൂപ ഭഗവതും ഇന്ദ്രേഷും കൈപറ്റിയതായാണ് വെളിപ്പെടുത്തലുണ്ടായത്. ഐ.എസ്.ഐയിൽ നിന്ന് പണം പറ്റിയ നേതാക്കളെ വകവരുത്താൻ അവർക്കുള്ളിൽ തന്നെ ആസൂത്രണം നടന്നിരുന്നുവത്രെ. ഇവരെ വധിക്കാൻ പദ്ധതിയിട്ട് വി.എച്ച്.പി നേതാവ് പ്രവീൺ തൊഗാഡിയ, പൂനയിലെ ആർ.എസ്.എസ് പ്രവർത്തകൻ എസ്. ആപ്തെ, ദൽഹിയിലെ ഡോ. ആർ.പി സിംഗ് ദയാനന്ദ് പാണ്ഡെ എന്നിവരായിരുന്നുവത്രെ. പുരോഹിത് എ.ടി.എസിനോട് വെളിപ്പെടുത്തിയതാണിത്."

ആരാണ് രാജ്യത്തെ അസ്ഥിരതപ്പെടുത്താൻ ശ്രമിക്കുന്നതെന്നും പാക്ചാര സംഘടനയായ ഐ.എസ്.ഐയുമായി ബന്ധമുള്ളവർ ആരൊക്കെയാണെന്നും ആർ.എസ്.എസ്–ഐ.എസ്.ഐ ബന്ധത്തെക്കുറിച്ച വെളിപ്പെടുത്തൽ തെളിയിക്കുന്നു. ഈ ഗൗരവപ്പെട്ട സത്യം പുറത്തുകൊണ്ടുവന്ന ഹേമന്ദ് കർക്കരെ കൊല ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ടുയർന്ന വിവാദങ്ങളെ പ്രാധാന്യത്തോടെ കാണേണ്ടതും ഈ പശ്ചാത്തലത്തിൽ തന്നെ.

**സുനിൽ ജോഷിയുടെ കൊലപാതകം**

അജ്മീർ സ്ഫോടനത്തിലെ മുഖ്യ പ്രതികളിലൊരാളായ സുനിൽ ജോഷി എന്ന ആർ.എസ്.എസ്സുകാരൻ ഇൻഡോറിന് സമീപം ദേവാസ് ടൗണിൽ 2007 ഡിസംബർ 30നാണ് ദുരൂഹമായി കൊലചെയ്യപ്പെട്ടത്. ഒരു കോൺഗ്രസ് നേതാവിന്റെയും മകന്റെയും കൊലപാതകത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് ജോഷിയാണെന്ന് സൂചനകളുണ്ടായിരുന്നു. മധ്യപ്രദേശിലെ മാൽവ സ്വദേശിയായ സുനിൽ ജോഷി ആർ.എസ്.എസ്സിന്റെ പ്രചാരക് ആയിരുന്നു, കാവി ഭീകരതയിലെ പ്രധാന കണ്ണിയും. ബി.ജെ.പി ഭരണത്തിലിരിക്കെയാണ് ജോഷിയുടെ ദുരൂഹ മരണം സംഭവിച്ചത്.

മുസ്‌ലിം ഭീകരരാണ് ജോഷിയുടെ കൊലക്ക് പിന്നിലെന്ന് പ്രചാരണം നടത്തിയിരുന്നെങ്കിലും അവസാനം ദുരൂഹതകളുടെ ചുരുളഴിഞ്ഞത് അജ്മീർ സ്ഫോടന കേസ് അന്വേഷണത്തിലൂടെയായിരുന്നു. സ്ഫോടന കേസിലെ പ്രതികളായ സംഘ്പരിവാർ പ്രവർത്തകരുൾപ്പെടെ ആർ.എസ്.എസ് നേതാക്കളുമായി അടുത്ത ബന്ധമുണ്ടായിരുന്ന സുനിൽ ജോഷിയെ സ്വന്തം പാർട്ടിക്കാർ തന്നെയാണ് ഇല്ലാതാക്കിയതെന്ന സത്യം പുറത്തുവന്നു. കാരണം, അജ്മീർ ഉൾപ്പെടെയുള്ള സ്ഫോടനങ്ങളുടെ മുഖ്യ നടത്തിപ്പുകാരനായ ജോഷി ഇല്ലാതായാൽ തെളിവുകൾ നശിക്കുമെന്ന് അവർ കണക്കുകൂട്ടിയിരുന്നു. സുനിൽ ജോഷിയുടെ സജീവ പങ്കാളിത്തത്തോടെ നടന്ന ഭീകര പ്രവർത്തനങ്ങൾ നിരവധിയാണ്.

**സ്വാമി അസിമാനന്ദയുടെ അറസ്റ്റ്**

സംഘ്പരിവാറിന്റെ ചരിത്രത്തിലെ തന്നെ നിർണായക സംഭവമായിരുന്നു അജ്മീർ സ്ഫോടനക്കേസിൽ സ്വാമി അസിമാനന്ദ അറസ്റ്റിലായത്. 2010 നവംബർ 18–നാണ് ഹരിദ്വാറിൽ വെച്ച് അസിമാനന്ദ പോലീസ് പിടിയിലായത്. അജ്മീർ ദർഗ – മക്കാ മസ്ജിദ് സ്ഫോടനങ്ങളിൽ പ്രതിചേർത്തായിരുന്നു അറസ്റ്റ്. പശ്ചിമ ബംഗാളിലെ ഹുഗ്ളി ജില്ലക്കാരനായ അസിമാനന്ദ ഗുജറാത്തിലും മറ്റുമാണ് ഹിന്ദുത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നത്. 'ജതിൻ ചാറ്റർജി'യെന്നാണ് ശരിയായ പേര്. സന്യാസം സ്വീകരിച്ചാണ് അസിമാനന്ദയെന്ന് പേര് മാറ്റിയത്. ഗുജറാത്തിലെ ഡാംഗ്സിൽ ഒരു ആശ്രമം നടത്തുന്നുണ്ട് അസിമാനന്ദ. ആദിവാസികൾക്കിടയിലെ കാവിവത്കരണമാണ് അസിമാനന്ദയുടെ പ്രധാന പ്രവർത്തനം. വർഗീയ കലാപങ്ങളിൽ ആദിവാസികളെ രംഗത്തിറക്കിയതിൽ അസിമാനന്ദക്ക് വലിയ പങ്കുണ്ട്. കോടിക്കണക്കിന് രൂപയുടെ വിദേശ ഫണ്ടുകൾ ഇതിനു വേണ്ടി ഇവർ കൈപ്പറ്റുന്നുമുണ്ട്.

അജ്മീർ സ്ഫോടനത്തിന്റെ മുഖ്യ ഗൂഢാലോചകൻ അസിമാനന്ദയാണെന്നാണ് പോലീസ് വെളിപ്പെടുത്തിയത്. അസിമാനന്ദ അറസ്റ്റിലായതോടെ അജ്മീർ സ്ഫോടനക്കേസ് അന്വേഷണത്തിൽ വൻ പുരോഗതിയാണുണ്ടായതെന്ന് രാജസ്ഥാൻ ആഭ്യന്തര മന്ത്രി ശാന്തി ധരിവാൾ പ്രസ്താവിക്കുകയുണ്ടായി. മാലേഗാവ്–മക്കാ മസ്ജിദ് സ്ഫോടനങ്ങൾ നടത്തുന്നതിലും പ്രജ്ഞാ സിംഗ്, പുരോഹിത് തുടങ്ങിയവരോടൊപ്പം അസിമാനന്ദയും നേതൃപരമായ പങ്ക് വഹിച്ചിരുന്നു. നരേന്ദ്ര മോഡി ഉൾപ്പെടെ മുതിർന്ന സംഘ്പരിവാർ നേതാക്കളുമായി അടുത്ത ബന്ധമുള്ള ആത്മീയ പുരുഷനാണ് അസിമാനന്ദ.

അജ്മീർ സ്ഫോടനക്കേസിൽ അറസ്റ്റിലായ മറ്റൊരു സ്വാമിയാണ് അമൃതാനന്ദ് എന്നറിയപ്പെടുന്ന ദയാനന്ദ് പാണ്ഡെ. കേണൽ പുരോഹിതാണ് ദയാനന്ദ് പാണ്ഡെയുടെ പങ്കാളിത്തം വെളിപ്പെടുത്തിയത്. പ്രജ്ഞാ സിംഗുമായി അടുത്ത ബന്ധമുള്ള ദയാനന്ദ് നന്ദേഡ് സ്ഫോടനത്തിലും പങ്കാളിയാണത്രെ. മാലേഗാവ് സ്ഫോടന കേസിലാണ് കാൺപൂരിൽ വെച്ച് 2008 നവംബറിൽ അമൃതാനന്ദയെ അറസ്റ്റ് ചെയ്തത്. സുധാകർ ദ്വിവേദി, സ്വാമി അമൃതാനന്ദ്, ദേവതീർഥ് തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ദയാനന്ദ് പാണ്ഡെ രാഷ്ട്രീയ–മത– സാമൂഹിക രംഗങ്ങളിലെ ഉന്നതരുമായി ബന്ധമുള്ള ആളാണ്. സംഘ്പരിവാറിന്റെ ഉയർന്ന നേതാക്കളുമായും സർവീസിൽ നിന്ന് വിരമിച്ച സൈനികരുമായും അടുത്ത ബന്ധവും പാണ്ഡെക്കുണ്ട്. ദേശീയ പ്രതിരോധ അക്കാദമിയുടെ എയർഫോഴ്സ് വിംഗിൽ ഇയാൾ

ചേർന്നിരുന്നതായി പാണ്ഡെ വെളിപ്പെടുത്തിയിട്ടുണ്ട്. 1989-ലായിരുന്നു ഇത്. 1990-ൽ അവിടെ ഒരു സർവ ജന പീഠം എന്ന ആശ്രമം സ്ഥാപിച്ചു. ഫരീദാബാദിൽ നിത്യ സന്ദർശകനായിരുന്ന പാണ്ഡെക്ക് ബി.ജെ.പിയുടെ മുതിർന്ന നേതാക്കളുമായും ബന്ധമുണ്ട്.

**ഭീകര ശൃംഖലയിലെ മലയാളി**

അജ്മീർ സ്ഫോടനക്കേസ് അന്വേഷണം സംഘ്പരിവാർ ഭീകരതയിലെ മലയാളി സാന്നിധ്യവും പുറത്തുകൊണ്ടുവന്നു. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സ്വദേശിയായ ആർ.എസ്.എസ് പ്രവർത്തകൻ സുരേഷ് നായരാണ് സ്ഫോടനക്കേസിൽ പങ്കാളിയായ മലയാളി. രണ്ട് വയസ്സു മുതൽ ഗുജറാത്തിലാണ് സുരേഷ് നായരുടെ ജീവിതം. അജ്മീർ ദർഗ സ്ഫോടനത്തിന് സ്ഫോടക വസ്തുക്കൾ കാറിൽ കടത്തിയതിൽ സുരേഷ് നായർക്കും പങ്കുണ്ടെന്നാണ് പോലീസ് കണ്ടെത്തിയത്. സ്ഫോടനം നടത്താൻ ബോംബ് നിർമിച്ച, ഗുജറാത്തിലെ ഗോധ്രയിലെ മുകേഷ് വാസനിയാണ് സുരേഷിന്റെയും മറ്റു മൂന്ന് കൂട്ടുകാരുടെയും പങ്കാളിത്തം സംബന്ധിച്ച് മൊഴി നൽകിയത്.

നേരത്തെ സൂചിപ്പിച്ച സുനിൽ ജോഷിയെന്ന ആർ.എസ്.എസ്സുകാരനെ കൊലപ്പെടുത്തിയ ആനന്ദ് രാജ് കട്ടാരിയുടെ കാർ മധ്യപ്രദേശിൽ നിന്ന് ഗുജറാത്തിലേക്ക് സ്ഫോടക വസ്തുക്കൾ കടത്താൻ ഉപയോഗിച്ചതായും വാസനിയുടെ മൊഴിയിലുണ്ട്. ഈ കാർ മധ്യപ്രദേശിൽ നിന്ന് രാജസ്ഥാൻ എ.ടി.എസ് പിടിച്ചെടുത്തു. മേഹുൽ ഭവേഷ്, സണ്ണി തുടങ്ങിയവർക്കും ഇതിൽ പങ്കുണ്ട്. അജ്മീറിലേക്ക് സർക്കാർ ബസിൽ സ്ഫോടകവസ്തുക്കൾ കൊണ്ടുപോയതിലും സുരേഷ് നായർക്ക് പങ്കുണ്ട്. മാത്രമല്ല, ബോംബു നിർമാണ പരിശീലനത്തിനും സുരേഷ് നായർ നേതൃത്വം നൽകിയതായി എ.ടി.എസ്സിന് വിവരം ലഭിക്കുകയുണ്ടായി.

**സംഝോത എക്സ്പ്രസ് -മക്കാ മസ്ജിദ്**

പാകിസ്താനിലേക്കുള്ള യാത്രക്കിടയിലാണ് 2007 ഫെബ്രുവരി 19-ന് ഹരിയാനയിലെ പാനിപത്തിൽ സംഝോത എക്സ്പ്രസ്സിൽ സ്ഫോടനമുണ്ടായത്. 68 പേർ മരിച്ചു, നിരവധി പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഏറെയും പാകിസ്താനികൾ. പാക് തീവ്രവാദികളാണ് സ്ഫോടനങ്ങൾക്കു പിന്നിൽ എന്നായിരുന്നു ആദ്യഘട്ടത്തിലെ പ്രചാരണം.

ഒരു സൂട്ട്കേസിൽ സ്ഥാപിച്ച ബോംബാണ് പൊട്ടിത്തെറിച്ചത്. സൈന്യത്തിന്റെ ആർ.ഡി.എക്സ് ആയിരുന്നു സ്ഫോടനത്തിന് ഉപയോഗിച്ചത്. തുടക്കത്തിൽ മുസ്‌ലിം തീവ്രവാദികളിലേക്ക് ചൂണ്ടിയ സംശയത്തിന്റെ വിരലുകൾ, ഹേമന്ത് കർക്കരെയുടെ മാലേഗാവ് കേസന്വേഷണത്തിലൂടെയാണ് സംഘ്പരിവാറിൽ ചെന്നു നിന്നത്. മാലേഗാവ് സ്ഫോടന കേസിൽ പിടിയിലായ ലഫ്. കേണൽ പുരോഹിതിനെ ബാംഗ്ലൂരിൽ നാർക്കോ അനാലിസിസിന് വിധേയമാക്കിയപ്പോഴാണ് സംഝോത എക്സ്പ്രസ് സ്ഫോടനത്തിന്റെയും ചുരുളഴിഞ്ഞത് (The Times of India, Pune 11 Nov. 2008, The Indian Express 14 Nov. 2008, Pune Mirror 19 Nov 2008). ആർ.എസ്.എസ് പ്രചാരക് സുനിൽ ജോഷിയാണ് സ്ഫോടനത്തിന് നേതൃത്വം നൽകിയതെന്നാണ് എ.ടി.എസ് കണ്ടെത്തിയത്. സൈന്യത്തിന്റെ ആർ.ഡി.എക്സ് ആണ് കേണൽ പുരോഹിത് ഭീകര സംഘത്തിന് എത്തിച്ചുകൊടുത്തത്. ഇന്ത്യയിലെ ഭീകരാക്രമണ പരമ്പരയിലെ ഞെട്ടിക്കുന്ന സംഭവമായിരുന്നു. രാജ്യസുരക്ഷക്ക് കാവലിരിക്കേണ്ടവരിൽ ചിലർ സൈന്യത്തിന്റെ ആർ.ഡി.എക്സ് ഉപയോഗിച്ച് രാജ്യത്തെ അസ്ഥിരപ്പെടുത്തുക! സൈന്യത്തിൽനിന്ന് 60 കിലോ ആർ.ഡി.എക്സ് കേണൽ പുരോഹിത് കടത്തിയതായാണ് വാർത്തകൾ വന്നത്. സ്വാമി ദയാനന്ദ് പാണ്ഡെയുടെ നിർദേശാനുസാരമായിരുന്നു ഇത്. സ്ഫോടനത്തിനുപയോഗിച്ച പെട്ടിയും മറ്റു അവശിഷ്ടങ്ങളും ഇൻഡോറിലേക്കും അതുവഴി ഹിന്ദുത്വവാദികളിലേക്കും വ്യക്തമായ സൂചനകൾ നൽകുകയും ചെയ്തു. പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചതിനു ശേഷമാണ് അജ്മീർ സ്ഫോടനത്തിൽ ഉൾപ്പെട്ട സംഘം സംഝോത സ്ഫോടനവും നടത്തിയത്. മുസ്‌ലിംകളെ, പ്രത്യേകിച്ചും പാകിസ്താനികളെ കൊന്നൊടുക്കുക, വർഗീയ കലാപം സൃഷ്ടിക്കുക, ഇസ്‌ലാമിക ഭീകരതയെക്കുറിച്ച് ഭീതി പരത്തുക, ഇന്ത്യാ-പാക് സംഘർഷം സൃഷ്ടിക്കുക എന്നിവയായിരുന്നു സംഝോത എക്സ്പ്രസ് സ്ഫോടനത്തിന്റെ ലക്ഷ്യങ്ങൾ.

2007 മെയ് 18-നാണ് ഹൈദരാബാദിലെ പ്രസിദ്ധമായ മക്കാ മസ്ജിദിൽ സ്ഫോടനം നടന്നത്. അഞ്ചു പേർ കൊല്ലപ്പെട്ടു. തുടർന്ന് നടന്ന പോലീസ് വെടിവെപ്പിൽ ഒമ്പത് പേരാണ് വധിക്കപ്പെട്ടത്. കൊല്ലപ്പെട്ട 14 പേരും മുസ്‌ലിംകളായിരുന്നു. പക്ഷേ, സ്ഫോടനത്തിന്റെ ഉത്തരവാദിത്വം മിനിറ്റുകൾക്കകം മുസ്‌ലിം തീവ്രവാദ സംഘടനകളുടെ തലയിൽ കെട്ടിവെക്കാൻ ചില മാധ്യമങ്ങളും അന്വേഷണ ഉദ്യോഗസ്ഥരും ധൃഷ്ടരായി. 'ശഹീദ് ബിലാൽ' എന്നു പേരുള്ള മുസ്‌ലിം യുവാവാണ് സ്ഫോടനത്തിന് പിന്നിലെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പ്രഖ്യാപിച്ചു. മാധ്യമങ്ങൾ അതിനനുസരിച്ച കഥകൾ മെനഞ്ഞു. നിരവധി മുസ്‌ലിം യുവാക്കൾ അറസ്റ്റിലായി. 20 മുസ്‌ലിം ചെറുപ്പക്കാരാണ് പോലീസ് കസ്റ്റഡിയിൽ പീഡിപ്പിക്കപ്പെട്ടത്. സ്ഫോടനത്തിനും പോലീസ് വെടിവെപ്പിനും ശേഷമുള്ള ഭീകരതയായിരുന്നു ഈ പീഡനങ്ങൾ. ആന്ധ്രയിലെ കോൺഗ്രസ് ഗവൺമെന്റ് യാതൊരു തത്ത്വദീക്ഷയിലുമില്ലാതെയാണ് ഈ പീഡനത്തിന് കൂട്ടുനിന്നത്. മുസ്‌ലിം കേന്ദ്രത്തിൽ സ്ഫോടനം നടക്കുകയും മുസ്‌ലിംകൾ വധിക്കപ്പെടുകയും ചെയ്തിട്ടും സ്ഫോടനത്തിനു പിന്നിൽ സംഘ്പരിവാറിന്റെ കൈകളുണ്ടോ എന്നന്വേഷിക്കാൻ ഗവൺമെന്റോ പോലീസോ തുനിഞ്ഞില്ല.

മാലേഗാവ് കേസ് അന്വേഷണം തന്നെയാണ് മക്കാ മസ്ജിദ് സ്ഫോടന കേസിലും വഴിത്തിരിവായത്. നേരത്തെ സൂചിപ്പിച്ച സംഘ്പരിവാർ നേതാക്കളും പ്രവർത്തകരും തന്നെയാണ് മക്കാ മസ്ജിദ് സ്ഫോടനവും നടത്തിയതെന്ന് പ്രതികൾ ഏറ്റു പറയുകയായിരുന്നു. അതോടെ നിരപരാധികളായ മുസ്‌ലിം യുവാക്കളെ 2008 നവംബറിൽ ആന്ധ്ര പ്രദേശ് പോലീസ് വിട്ട

യച്ചു; ഏറെ നാളത്തെ ജയിൽ വാസത്തിനും ക്രൂരമായ പീഡനങ്ങൾക്കും ശേഷം. മാധ്യമങ്ങൾ പ്രചരിപ്പിച്ച കള്ളക്കഥകളെല്ലാം അസ്ഥാനത്താക്കി, ഒടുവിൽ സംഘ്പരിവാർ ഭീകരരാണ് മക്കാ മസ്ജിദ് സ്ഫോടനങ്ങൾക്ക് പിന്നിലെന്ന് ഭീകരവിരുദ്ധ സംഘവും സി.ബി.ഐയും സ്ഥിരീകരിക്കുകയും ചെയ്തു.

ഇന്ത്യയിലെ മനുഷ്യാവകാശ പ്രവർത്തകരും സി.പി.എം ഉൾപ്പെടെയുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളും ജമാഅത്തെ ഇസ്ലാമിയും ചില ന്യൂനപക്ഷ സംഘടനകളും ഉയർത്തിയ മുറവിളികളും നടത്തിയ പ്രക്ഷോഭങ്ങളും ഫലം കണ്ടുവെന്ന് പറയാം. അജ്മീർ–സംഝോത – മക്കാ മസ്ജിദ് സ്ഫോടന ക്കേസുകൾ തെളിയിക്കപ്പെട്ടതോടെ സംഘ്പരിവാർ ഭീകരതയുടെ ഭീതിപ്പെടുത്തുന്ന ചിത്രങ്ങളാണ് രാജ്യം കണ്ടത്. ■

*sadarvzkd@gmail.com*

